**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5919** **08-11-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് ജീവനക്കാർക്ക് ശമ്പളപരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എല്ലാ സഹകരണ ബാങ്കുകളിലും ആയത് നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | എല്ലാ സഹകരണ ബാങ്കുകളിലേയും ശമ്പളം പരിഷ്കരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സഹകരണ ബാങ്കുകളിൽ ശമ്പള വർദ്ധനവും ശമ്പള കുടിശ്ശികയും വിതരണം ചെയ്യുന്നതിൽ നിയന്ത്രണങ്ങൾ നിലവിലുണ്ടോ; ബാങ്ക് ഭരണസമിതികൾക്ക് ആയത് നടപ്പിലാക്കാതിരിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (സി) | സഹകരണ ബാങ്കുകളിൽ ശമ്പള പരിഷ്കരണവും, ശമ്പള കുടിശ്ശികയും, വിതരണം ചെയ്യുന്നതിൽ നിയന്ത്രണങ്ങൾ നിലവിലില്ല. എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതും, സാമ്പത്തിക ഭദ്രതയില്ലാത്തതുമായ സംഘങ്ങളെ സംബന്ധിച്ചിടത്തോളം അത്തരം സംഘങ്ങൾക്ക് ഭരണസമിതി യുടെ വ്യക്തമായ കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ശമ്പള പരിഷ്കരണ ഉത്തരവിൽ നിന്നോ, ഉത്തരവിലെ ഏതെങ്കിലും വ്യവസ്ഥയിൽ നിന്നോ ഒഴിവ് നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ഡി) | ശമ്പള വർദ്ധനവ് നടപ്പിലാക്കാത്ത ബാങ്കുകളിൽ സാമ്പത്തിക വർഷാവസാനത്തിലെ ലാഭനഷ്ട കണക്ക് തയ്യാറാക്കുമ്പോൾ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ഇനത്തിൽ നൽകാനുള്ള തുക ലാഭത്തിൽ നിന്നും കുറച്ച് ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിക്കണമെന്ന് മാർഗ്ഗനിർദ്ദേശത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ; | (ഡി) | പ്രത്യേകം മാർഗ്ഗനിർദ്ദേശം നൽകിയിട്ടില്ല. |
| (ഇ) | ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പള കുടിശ്ശിക വൈകിപ്പിക്കുന്ന നടപടി അവസാനിപ്പിക്കാൻ ബാങ്ക് ഭരണസമിതികൾക്ക് നിർദ്ദേശം നൽകുമോ? | (ഇ) | സംഘം/ബാങ്കിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കേണ്ടത് അതാത് ഭരണസമിതിയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ

| | ഉത്തരവ് | പ്രാബല്യത്തീയതി |
|---|---|---|
| 1. സംസ്ഥാന സഹകരണ ബാങ്ക്/ ജില്ലാ സഹകരണ ബാങ്ക് | സ.ഉ.(കൈ) നം. 5/2021/സഹ തീയതി 09-02-2021 | 01.04.2017 |
| 2. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | സ.ഉ.(കൈ) നം.19/2021/ സഹ തീയതി 25-08-2021 | 01.07.2018 |
| 3. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | സ.ഉ.(കൈ) നം.7/2021/സഹ തീയതി 14-02-2021 | 01.04.2017 |
| 4. പ്രാഥമിക സഹകരണ ബാങ്ക് | സ.ഉ.(അച്ചടി) നം.32/2021/സഹ തീയതി 15-02-2021 | 01.04.2019 |
| 5. അർബൻ സഹകരണ ബാങ്ക് | സ.ഉ.(അച്ചടി) നം.33/2021/ സഹ തീയതി 16-02-2021 | 01.04.2018 |
| 6. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | സ.ഉ.(സാധാ) നം.107/2021/സഹ തീയതി 12-02-2021 | 01.07.2018 |
| 7. ആശുപത്രി സംഘം | സ.ഉ.(അച്ചടി) നം.51/2021/സഹ തീയതി 18-02-2021 | 01.01.2018 |

സെക്ഷൻ ഓഫീസർ